"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ 2023 ജൂൺ മാസം രണ്ടാം തീയതിയുണ്ടായ തീപിടുത്തത്തെത്തുടർന്ന് ഫ്രണ്ട് ഓഫീസ് പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷനിലൂടെ 2,90,728/- ചെലവഴിച്ച് അടിയന്തര ജോലികൾ നിർവഹിച്ച നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1079/2024/LSGD　തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05/10/2023-ലെ കത്ത്.
2. ഓച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/09/2023-ലെ SC1-6665/23 നമ്പർ കത്തും അനുബന്ധ രേഖകളും.
3. 06/03/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.59.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ 2023 ജൂൺ മാസം രണ്ടാം തീയതിയുണ്ടായ തീപിടുത്തത്തെത്തുടർന്ന് കത്തിപ്പോയ പ്രധാന കെട്ടിടത്തിന്റെ വയറിംഗ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, മറ്റ് കേടുപാടുകൾ എന്നിവ പരിഹരിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരവും, ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരവും ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷനിലൂടെ 2,90,728/- (രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് നിർവഹിച്ച സിവിൽ ഇലക്ട്രിക്കൽ നിർമ്മാണ പ്രവർത്തികൾക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1),(2) പ്രകാരം സർക്കാരിൽ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയിൽ പരാമർശം (3) പ്രകാരം പരിശോധിച്ചു. അടിയന്തരമായി ചെയ്യേണ്ട പ്രവർത്തി ആയിരുന്നു എന്നത് കണക്കിലെടുത്ത്, ഓച്ചിറ ഗ്രാമപഞ്ചായത്തിൽ രൂ.2,90,728/- (രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് നിർവഹിച്ച പ്രവർത്തികൾക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T
ജോയിന്റ് സെക്രട്ടറി

1. ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല.
2. സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
3. സ്റ്റേറ്റ് ഓഡിറ്റ് ഓഫീസർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Signed by ഉത്തരവിൻ പ്രകാരം,
Viraj K
Date: 19-06-2024 17:21:59
സെക്ഷൻ ഓഫീസർ